

# അധ്യായം 3

# ക്രിസ്തീയവിശ്വാസം: ഉള്ളടക്കവും സവിശേഷതകളും





**ലക്ഷ്യം**

ക്രിസ്തിയ വിശ്വാസത്തിന്റെ അനന്യതയും പൂർണ്ണതയും ബോധ്യപ്പെട്ട് കുട്ടികൾ വിശ്വാസസത്യങ്ങളിൽ ആഴപ്പെടുന്നു



## എന്റെ ബോധ്യങ്ങൾ

1. സ്വയം വെളിപ്പെടുത്തുകയും എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി ജീവൻ അർപ്പിക്കുകയും ചെയ്ത ദൈവത്തിന് ഞാൻ നല്കുന്ന പ്രത്യുത്തരമാണ് എന്റെ ക്രിസ്തീയവിശ്വാസം.
2. ക്രിസ്തീയവിശ്വാസത്തിന്റെ ഉള്ളടക്കം ഈശോ പഠിപ്പിച്ച കാര്യങ്ങളാണ്; അവയുടെ സംഹിതയാണ് വിശ്വാസപ്രമാണം.
3. വിശ്വാസം ജീവിതത്തിൽ പ്രതിഫലിക്കണം.

# ശീലം



വിശ്വാസസത്യങ്ങൾ ധ്യാനിക്കുന്നു;
ജീവിക്കുന്നു


പാഠാവതരണം
കാർടൂണിലൂടെ ദൈവവിശ്വാസത്തെ സംബന്ധിച്ച
വ്യത്യസ്ത കാഴ്ചപ്പാടുകൾ വിശകലനം ചെയ്ത്
പാഠത്തിലേക്ക് പ്രവേശിക്കുന്നു

# മൊഡ്യൂൾ 1



## മനുഷ്യൻറെ ദൈവാന്വേഷണവും ക്രിസ്തീയ വിശ്വാസവും

- ആദികാലം മുതൽ മനുഷ്യൻ ദൈവത്തെ അന്വേഷിക്കുന്നു
- ദൈവം മനുഷ്യന് സ്വയം വെളിപ്പെടുത്തുന്നു
- വെളിപാടിന്റെ പൂർണ്ണത ഈശോയിലാണ്
- ഈശോ മിശിഹായിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം
- വിശ്വാസത്തിൻറെ പ്രത്യേകതകൾ വിശുദ്ധഗ്രന്ഥവീക്ഷണത്തിൽ

# മൊഡ്യൂൾ 2

## വിശ്വാസത്തിൻറെ സവിശേഷതകൾ

- ദൈവികദാനം
- രഹസ്യം (Mystery)
- മനുഷ്യന്റെ പ്രവൃത്തി
- വിശ്വാസവും യുക്തിയും പരസ്പരപൂരകങ്ങൾ
  സംരക്ഷിക്കപ്പെടേണ്ട ദാനം
- നിത്യരക്ഷയ്ക്ക് ആവശ്യം



## ക്രിസ്തീയ വിശ്വാസത്തിൻറെ ഉള്ളടക്കം

- വിശ്വസിക്കുന്നവ
- ആഘോഷിക്കുന്നവ
- ജീവിക്കുന്നവ
- പ്രാർത്ഥിക്കുന്നവ



# മോഡ്യൂൾ 3

**കത്തോലിക്കാസഭയുടെ വിശ്വാസപ്രമാണം**

- ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം
- നിഖ്യ- കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം പന്ത്രണ്ട് വിശ്വാസസത്യങ്ങൾ

**വിശ്വാസ പ്രമാണത്തിന്റെ മൂന്ന് ഭാഗങ്ങൾ**

- പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം
- സഭയിലുള്ള വിശ്വാസം
- നിത്യ ജീവിതത്തിലുള്ള വിശ്വാസം

## വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്ന 12 സത്യങ്ങൾ

1. സർവശക്തനും പിതാവുമായ ഏക ദൈവത്തിലുള്ള വിശ്വാസം.
2. അവിടത്തെ ഏക പുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിലുള്ള വിശ്വാസം.
3. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്ന് പിറന്നു എന്ന വിശ്വാസം.
4. അവിടന്ന് പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ചു കുരിശിൽ മരിച്ചു സംസ്ക്കരിക്കപ്പെട്ടു എന്ന വിശ്വാസം.
5. അവിടന്ന് മൂന്നാം ദിവസം ഉത്ഥാനം ചെയ്തു എന്ന വിശ്വാസം.
6. അവിടന്ന് സ്വർഗത്തിലേക്കെഴുന്നള്ളി പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നുവെന്ന വിശ്വാസം.

7, അവിടന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വീണ്ടും വരുമെന്ന വിശ്വാസം.

8. സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലുള്ള വിശ്വാസം.
9. വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലുമുള്ള വിശ്വാസം.
10. പാപമോചനത്തിനായുള്ള ഏക മാമോദീസായിലുള്ള വിശ്വാസം.
11. ശരീരത്തിന്റെ ഉയിർപ്പിലുള്ള വിശ്വാസം.
12. നിത്യജീവിതത്തിലുള്ള വിശ്വാസം.




എന്റെ തീരുമാനം
ഈശോയിലുള്ള വിശ്വാസത്തിൽ നിന്ന്
എന്നെ മാറ്റുവാൻ ഒന്നിനും സാധ്യമല്ല.



ഊന്നൽ
മേഖലകൾ
വിശ്വാസപ്രമാണം
ജീവിതപ്രമാണം
വിശ്വാസത്തിന്റെ
പ്രസക്തി
സഭയുടെ
വിശ്വാസം
അനന്യം,
പൂർണ്ണം
തിരുസഭ
ഈശോയുടെ
തുടർച്ച
മനുഷ്യന്റെ
ബുദ്ധി, ശാ ത്ര,
ജ്ഞാനം എന്നി
പരിമിതം